<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1892**</u> <u>**29-07-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കിറ്റെക്സിന്റെ നിക്ഷേപം സംബന്ധിച്ച താത്പര്യപത്രം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി കിറ്റെക്സ് നിക്ഷേപം സംബന്ധിച്ച് താത്പര്യപത്രം നൽകിയതിന്റെ തുടർനടപടിയെന്ന നിലയിൽ ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിനായി വ്യവസായ വകുപ്പ് അധികൃതരുമായി നടത്തിയ ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങളാണ് മുന്നോട്ടുവെച്ചതെന്ന് അറിയിക്കാമോ; | (എ) | കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനു ശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചക്ക് സന്നദ്ധമായിട്ടില്ല. കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതിയിൽ നിന്നും പിന്മാറിയതായി പറയുന്നത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ രേഖാമൂലമുള്ള ഒരു അറിയിപ്പും മേൽ കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (ബി) | പ്രസ്തുത ചർച്ചയിൽ നിലവിലുള്ള ഏതെല്ലാം നിയമത്തിൽ എന്തെല്ലാം മാറ്റം വരുത്തണമെന്നാണ് ആവശ്യപ്പെട്ടതെന്ന് അറിയിക്കാമോ; | (ബി) | കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനു ശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചക്ക് സന്നദ്ധമായിട്ടില്ല. കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതിയിൽ നിന്നും പിന്മാറിയതായി പറയുന്നത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ രേഖാമൂലമുള്ള ഒരു അറിയിപ്പും മേൽ കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (സി) | ഇതിൽ ഏതെല്ലാം ആവശ്യങ്ങളിലാണ് സർക്കാർ അനുകൂല തീരുമാനം കൈക്കൊണ്ടതെന്ന് അറിയിക്കുമോ; | (സി) | കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനു ശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചക്ക് സന്നദ്ധമായിട്ടില്ല. കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതിയിൽ നിന്നും പിന്മാറിയതായി പറയുന്നത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | രേഖാമൂലമുള്ള ഒരു അറിയിപ്പും മേൽ കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (ഡി) | എന്നാൽ തുടർചർച്ചകൾ നടത്താതെ സർക്കാരിനെതിരായുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പിന്നിൽ എന്തെങ്കിലും പ്രത്യേക താല്പര്യമുള്ളതായി കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള വ്യവസായാനുകൂല അന്തരീക്ഷത്തെ കണക്കിലെടുക്കാതെ തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനെതിരെ ബോധപൂർവ്വം പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ